നം.കെ.എസ്.എ.പി.റ്റി.എ.പി/7/1382/2016 തീയതി: 03.01.2017

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.06.2016 മുതൽ 04.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 18എണ്ണം നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.12.16 മുതൽ 17.12.16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി ജയപ്രഭ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി അശ്വതി. വി.നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | *ശ്രീ മനോജ് ചരളേൽ* | 1.04.2015 മുതൽ 31.10.2015 വരെ |
| | ഭരണനിർവ്വഹണസമിതി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി എം.എസ്.സുജാത | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.സി.പി.സുനിൽ | 1.04.2015 മുതൽ 31.07.2015 വരെ |
| | ശ്രീമതി എം.മേരിക്കുട്ടി | 01.08.2015 മുതൽ 31.03.2016വരെ |

| | | |
|---|---|---|
| | | |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2015-16

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1: പൊതു അവലോകനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | തനതുവരുമാനം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവഹണ വിവരങ്ങൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ഗ്രാമസഭ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 2-1 |
| 13 | പണം അടവും പിൻവലിക്കലും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 2-2 |
| 14 | വസ്തുനികുതി നിർണ്ണയം | 2-3 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നഷ്ടം വരുന്നത് സംബന്ധിച്ച് | 2-4 |
| 16 | മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തേയും നികുതി ചുമത്തുന്നില്ല | 2-5 |
| 17 | പെട്രോൾ പമ്പിന് പെർമിറ്റ് ഫീസും വസ്തുനികുതിയും കുറവായി ഈടാക്കിയത് സംബന്ധിച്ച് | 2-6 |
| 18 | തൊഴിൽ നികുതി- നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു | 2-7 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് | 2-8 |
| 20 | എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-9 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് | 2-10 |
| 22 | ഡി&ഒ ലൈസൻസ് - എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല, ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-11 |
| 23 | കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത് | 2-12 |
| 24 | പരസ്യനികുതി പിരിക്കുന്നില്ല. | 2-13 |
| 25 | നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല | 2-14 |
| 26 | വാടക – സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നില്ല | 2-15 |
| | ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 27 | വാകമരം മറിഞ്ഞ് വീണത് മുറിച്ചുമാറ്റിയതിന് ക്രയിൻ ചാർജ്ജിനത്തിൽ തുക കൂടുതലായി ചെലവഴിച്ചു. | 3-1 |
| 28 | എസ്.എസ്.എ. - വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-2 |
| 29 | കാലിത്തൊഴുത്ത് നിർമ്മാണം - ഇനം തിരിച്ച് മൂല്യനിർണ്ണയം നടത്തിയില്ല | 3-3 |
| 30 | പാലിയേറ്റീവ് കെയർ പദ്ധതി - വാഹനവാടക ഇനത്തിൽ അധികനിരക്കിൽ തുക ചെലവഴിച്ചു | 3-4 |
| 31 | പാലിയേറ്റീവ് കെയർ - പണം നൽകി, ഉപകരണങ്ങൾ ലഭ്യമായില്ല. | 3-5 |
| 32 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 3-6 |
| 33 | മീഡിയാശ്രീ - പദ്ധതി നടപ്പായില്ല. | 3-7 |
| 34 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഡിമാന്റ് ഡ്രാഫ്റ്റ് ആയി നൽകുന്നു. | 3-8 |
| 35 | അർഹമായ ധനസഹായം അനുവദിക്കുന്നില്ല | 3-9 |
| 36 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകിയത് മൂലം ഗ്രാമപ്പഞ്ചായത്തിന് വലിയ നഷ്ടം സംഭവിച്ചു. | 3-10 |
| 37 | ആശ്രയ പദ്ധതി- മതിയായ ഫണ്ട് ലഭ്യമാക്കുന്നില്ല- പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല. | 3-11 |
| 38 | വസ്തുവകകളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | 3-12 |
| 39 | ഗ്രാമകേന്ദ്രങ്ങൾ രൂപീകരിച്ചിട്ടില്ല | 3-13 |
| 40 | ലഭ്യമായ ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചില്ല, ഒരു കോടിയിലധികം രൂപ പഞ്ചായത്തിന് നഷ്ടമായി | 3-14 |
| | ഭാഗം- 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |

| | | |
|---|---|---|
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## (1-1) ബഡ്ജറ്റ്

ബഡ്ജറ്റ്

2015-16വർഷത്തെ ബജറ്റ് 04.03.2015 തീയതിയിലെ 1- ◌ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2015-16

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കറവ് | (+) / (-) |
| മുന്നിരിപ്പ് | 1208208.00 | 9165852 | | 7957644 | (-)6.6% |
| വരവ് | 31716792.00 | 18354865 | | 13361927 | (-)42.17% |
| ആകെ | 35925000 | 27520717 | | 8404283 | (-)23.4% |
| ചെലവ് | 32021393.00 | 23766037 | | 8255356 | (-)25.8% |
| നീക്കിയിരിപ്പ് | 3903607 | 3754680 | | 148927 | (-)3.8% |

തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. വിവിധ നികുതി,നികുതിയേതര വരുമാനങ്ങളുടെ ബജറ്റ് നിർദ്ദേശവും യഥാർത്ഥ ഡിമാന്റും തമ്മിലുള്ള വ്യതിയാനം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് (വാർഷിക കണക്ക് പ്രകാരമുള്ളത്) | വ്യത്യാസം (-)/( +) |
|---|---|---|---|
| വസ്തുനികുതി | 2622000 | 1815208 | (-)806792 |
| സേവന നികുതി | 182000 | 110475 | (-)71525 |
| തൊഴിൽ നികുതി | 990000 | 106380 | (-)883620 |
| വാടക | 56700 | 69394 | (+)12694 |

| | | | |
|---|---|---|---|
| ഡി&ഒ ലൈസൻസ് | 56100 | 18850 | (-)37250 |
| പെർമിറ്റ് ഫീ | 328300 | 40101 | (-)288199 |

വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണെന്ന് പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (3) ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ മുൻ വർഷത്തെ യഥാർത്ഥ ഡിമാന്റിൽനിന്നും വ്യതിചലിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് മേൽപട്ടികയിൽ നിന്നും വ്യക്തമാണ്. ഇതിനുള്ള വിശദീകരണങ്ങളൊന്നും തന്നെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| *വർഷം* | *ഓഡിറ്റിനായി ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* | *ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം* |
|---|---|---|---|
| 2015-16 | 07/31/16 | 07/05/16 | നം.കെ.എസ്.എ.പി.റ്റി.പി /7/1382 /2016<br>*(വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ്)* |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## (1-3) സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9165852 |
| വരവ് | 18354865 |
| ആകെ | 27520717 |
| ചെലവ് | 23766037 |
| നീക്കിയിരിപ്പ് | 3754680 |

## (1-4) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | ആകെ തുക | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 525343 | 6094374 | 1796304 | 8416021 | - | 8416021 | 0 |
| വികസനഫണ്ട്(എസ്.സി.പി) | 481357 | 2697710 | - | 3179067 | 418470 | 2760597 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട്(റ്റി.എസ്.പി) | - | | | - | - | - | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 1728412 | 2510562 | | 4238973 | - | 4238973 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 144479 | 606973 | | 751452 | - | 751452 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 299908 | 1432316 | | 1732224 | 1331684 | 400540 | 0 |
| ലോകബാങ്ക് ധനസഹായം | 1822056 | 14056 | | 1836112 | 46150 | 1789962 | 0 |

## (1-5) തനതു വരുമാനം

| ഇനം | 2014-15 | 2015-16 | വർദ്ധനവ്/കുറവ് | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3525123 | 1824395 | (-)1700728 | (-)48 |
| നികുതിയേതര വരവുകൾ | 136410 | 177030 | (+)40620 | (+)30 |
| മറ്റു വരവുകൾ | 210087 | 310470 | (+)100383 | (+)48 |
| ആകെ | 3871620 | 2311895 | (-)1559725 | (-)40 |

നികുതി വരവുകളിൽ 17 ലക്ഷത്തിലധികം രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് പരാജയപ്പെട്ടതു കാരണമാണ് ഇത്തരത്തിൽ വരുമാന ചോർച്ചയുണ്ടായത്. നികുതിതുക യഥാസമയം പിരിച്ചെടുത്ത് കുടിശ്ശിക ഒഴിവാക്കേണ്ടതും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുമാണ്. അതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തേണ്ടതാണ്.

വസ്തു നികുതി, തൊഴിൽനികുതി ഇവയുടെ കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തു നികുതി | 2184602 | 1168578 | 1016024 |
| തൊഴിൽനികുതി | 608110 | 550400 | 57710 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | (എണ്ണം) | | ശതമാനം |
| 138 | 101 | - | 37 | 73 |

## (1-7) പദ്ധതി നിർവ്വഹണ വിവരങ്ങൾ

പദ്ധതി നിർവ്വഹണ വിവരങ്ങൾ

എ)മേഖല തിരിച്ചുള്ള ചെലവുകൾ

| വികസന മേഖല | അംഗീകരിച്ച പ്രൊജക്ടുകൾ | | നടപ്പാക്കിയ പ്രൊജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉത്പാദനം | 9 | 925500 | 6 | 806358 | 87.12% |
| സേവനം | 63 | 12635664 | 26 | 8828613 | 69.87% |
| പശ്ചാത്തലം | 66 | 1630500 | 44 | 801313 | 49.14% |
| ആകെ | 138 | 15191664 | 76 | 10436284 | 68.69% |

ബി)നിർബന്ധിത വകയിരുത്തലും ചെലവുകളും

| പദ്ധതി | പ്രൊജക്ട് നമ്പർ | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 2,3,8,11,12 | 1251300 | 930880 |
| വൃദ്ധർ,ഭിന്ന ശേഷിയുള്ളവർ, | 57 | 100000 | 100000 |
| കുട്ടികൾ | 120 | 1022400 | 799120 |
| പാലിയേറ്റീവ് കെയർ | 15 | 400000 | 377540 |
| ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി | 65 | 25500 | 16778 |
| യുവജന വികസന പദ്ധതി | 110, 115 | 560404 | 160000 |

## (1-8) ക്യാഷ് വെരിഫിക്കേഷൻ

ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് തുകയായ 744/-രൂപയുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## (1-9) ഗ്രാമസഭ

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമസഭയിൽ ജനപങ്കാളിത്തം വളരെ കുറവാണ്. 2015-16 വർഷം 14 വാർഡുകളിലും 5/2015,6/2015 മാസങ്ങളിലായി രണ്ടു തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളത്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിവരം മാത്രമാണ് ഗ്രാമസഭാ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.ഗ്രാമസഭയിൽ ചർച്ച ചെയ്ത വിഷയം സംബന്ധിച്ച വിവരങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുന്നില്ല.യോഗത്തിൽ അജണ്ടയായി വച്ചിട്ടുള്ള വിഷയങ്ങളുടെ ചർച്ചയും ഗ്രാമസഭകളിൽ ഉണ്ടാകുന്നില്ല. വിവിധ ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളുടെ ചർച്ചകൾ ഗ്രാമസഭകളിൽ നടക്കുന്നില്ല. ഗ്രാമസഭ കേവലം ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ വേദിയായി മാത്രം മാറിയിട്ടുള്ളത് വളരെ ഗൗരവമുള്ള സംഗതിയാണ്. ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

## (1-10) ആഭ്യന്തര നിയന്ത്രണസംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു.

വരവുകൾ

വരവിനങ്ങളുടെ രജിസ്റ്ററുകൾ - വരവിനങ്ങളിൽ വസ്തുനികുതി ഒഴികെയുള്ളവയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 2015-16 വരെ നികുതി നിർണ്ണയം കഴിഞ്ഞ കെട്ടിടങ്ങളുടെയും 13-14ന മുമ്പ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി നടത്തുവാനവശേഷിക്കുന്നു. നികുതി നിർണ്ണയിക്കുമ്പോൾ തന്നെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയതിലും അപാകതകളുണ്ട്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വസ്തുനികുതിയുടെ കുടിശ്ശിക പിരിവും കാര്യക്ഷമമല്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്. ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് കൃത്യമായ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല നൽകി വന്നിരുന്നത്. അതിനാൽ ഫീസ് ഇനത്തിലും തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. 2015-16 വർഷത്തെ ലൈസൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിലെ എല്ലാ ബിസിനസ് സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പാക്കുന്നില്ല.

ചെലവുകൾ

ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് കണ്ടിജന്റ് രജിസ്റ്റർ ഉൾപ്പെടെയുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പൂർണ്ണമായി നടത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ മേൽസൂചിത അപാകതകൾ പരിഹരിക്കേണ്ടതാണ്.

## (1-11) മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/08/16 | ഒക്ടോബർ, 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06/12/08 | 1997-1998മുതൽ 2007-08 വരെ | 09/24/08 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

1. ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരം ആസ്തി കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച സചിത്ര സോഫ്റ്റ് വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും (കണക്കുകൾ തയ്യാറാക്കുന്നത് സാംഖ്യയിൽ ആരംഭിക്കുന്നതിന് മുമ്പ്, 2012ന് മുമ്പ് ആർജ്ജിച്ച ആസ്തികൾ) സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.(ഷെഡ്യൂൾ ബി-11). അതിനാൽ സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതും പൂർണ്ണമല്ല.
2. തനതു വരുമാനത്തിന്റെ ബാങ്ക് അക്കൗണ്ടായ കൊറ്റനാട് സർവ്വീസ് സഹകരണബാങ്കിലെ(അക്കൗണ്ട് നമ്പർ-1591)ബാലൻസ് തുക വാർഷികകണക്കിലെ ബാലൻസ് തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3. പന്നയ്ക്കപ്പതാൽ കോളനിയിൽ വൈദ്യുതി ലൈൻ നീട്ടൽ, ഉപ്പോലി കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്നീ പദ്ധതികൾക്കുവേണ്ടി 2015-16 വർഷം യഥാക്രമം 89500/-,346953/- രൂപ വൈദ്യുതി വകുപ്പിലും ജല വകുപ്പിലും നിക്ഷേപിച്ചിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകാത്ത ഈ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം ഷെഡ്യൂൾ ബി-18 ൽ ഉൾക്കൊള്ളിച്ചിട്ടില്ല.

## (2-2) പണം അടവും പിൻവലിക്കലും പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ

1. സാംഖ്യ രസീതുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

സാംഖ്യ രസീതുകൾ വിതരണം ചെയ്യുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മാനവൽ രസീതുകൾ പോലെ സാംഖ്യ രസീതുകളും വിതരണം ചെയ്യുന്ന മുറയ്ക്ക് രജിസ്റ്ററിൽ ചേർത്ത് കൈപ്പറ്റുന്ന ആളുടെ ഒപ്പും നിലവിലെ ബാലൻസും കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ക്യാൻസൽ ചെയ്യുന്ന സാംഖ്യ രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. പാസ് ബുക്കിൽ ശരിയായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല

കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്കിലെ (അക്കൗണ്ട് നമ്പർ.1591) ചുവടെ പറയുന്ന ചെക്കുകളുടെ പിൻവലിക്കൽ സംബന്ധിച്ച വിവരങ്ങൾ പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ചെക്ക് നം . 40143 തീയതി.04/07/2016 തുക.3000/-

ചെക്ക് നം . 40177തീയതി.18/08/2016 തുക.7437/-

ചെക്ക് നം . 40188തീയതി.09/09/2016 തുക.6131/-

ബാങ്കിൽ നിന്ന് പലപ്പോഴും രേഖപ്പെടുത്തലുകൾ തെറ്റായി നടത്താറുണ്ടെന്നും പിന്നീട് ബാങ്കിൽ ചെന്ന് അവ ശരിയാക്കാറുണ്ടെന്നും മേൽ സൂചിപ്പിച്ച തെറ്റുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അക്കൗണ്ടന്റ് അറിയിച്ചു.

## (2-3) വസ്തുനികുതി നിർണ്ണയം

വസ്തുനികുതി നിർണ്ണയം

1. അസസ്മെന്റ് രജിസ്റ്ററും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച അസസ് മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകളും തമ്മിൽ സാരമായ വ്യത്യാസം കാണുന്നു. 2014-15, 15-16ലും നികുതി നിർണ്ണയിച്ച ഭൂരിഭാഗം കെട്ടിടങ്ങളും സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ പാസ്റ്റ് ഡേറ്റാ എൻട്രി നടത്തിയതിലും അപാകം സംഭവിച്ചിട്ടുണ്ട്. റോഡുകളുടെ വിവരം, കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം എന്നിവയിലും കണക്കാക്കിയ നികുതിയിലും ഈ വ്യത്യാസത്തിന് സാധ്യതയുണ്ട്. ഇത്തരം അപാകതകൾ മൂലം പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. സമാനമായ അപാകതകൾ കണ്ടെത്തി പരിഹരിച്ച് പഞ്ചായത്തിന്റെ വരുമാനചോർച്ച പരിഹരിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

2. സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കാത്തത്

സ.ഉ.(അ)36/2015ത.സ്വ.ഭ.വ. തീയതി 24.02.15 പ്രകാരം 14.01.2011ലെ സ.ഉ.(അ)19/2011ത.സ്വ.ഭ.വ. ഉത്തരവ് ഭേദഗതി ചെയ്ത കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കുകൾ നിശ്ചയിച്ച്

സർക്കാർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം. | പട്ടികയിലെ ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|---|
| 1 | 1എ | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 600 |
| 2 | 4എ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ | 3 | 8 |
| 3 | 7 (iii) | മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | 11 | ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |

പ്രസ്തുത ഉപയോഗക്രമമുള്ള കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ടെങ്കിൽ അവ കണ്ടെത്തി നികുതി നിശ്ചയിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## (2-4) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നഷ്ടം വരുന്നത് - സംബന്ധിച്ച്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും, 100 ചതുരശ്ര മീറ്ററിൽ താഴെയുള്ളവയ്ക്ക് 30/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (27-10-2011 ലെ 1-ാം നമ്പർ തീരുമാനം). വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ് മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് /കെട്ടിട നമ്പർ | കെട്ടിടത്തിന്റ വിസ്തൃതി ച.മീ. | നിർണയിച്ച നികുതി വർദ്ധന-ഇളവ് ഉൾപ്പടെ ച.മീ. ന് 30 രൂപാ നിരക്കിൽ | നിർണ്ണയിക്കേണ്ട നികുതി വർദ്ധന-ഇളവ് ഉൾപ്പടെ ച.മീ. ന് 50 രൂപ നിരക്കിൽ | കുറവ് | കുറിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 1 | 13/314A | 99.05 | 2972 +149 LC +179 SC | 4953 +248 LC +297 SC (-20% മേഖല +20%റോഡ്) | 1981 +99 +118 | നം.എ2-1424/15 തീ.2.5.15 പ്രകാരം പെർമിറ്റ് നൽകിയത് 112.57m2 നാണ്. കെട്ടിടം അസസ് ചെയ്യാനായി സ്റ്റെയർറൂം അളവ് കുറച്ചപ്പോൾ പ്ലാനിലുള്ള ബാത്ത്റൂമിന്റെ അളവ് കൂടി കുറച്ചതായി കാണുന്നു. ബാത്ത്റൂമിന്റെ അളവ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 9/450A | 33.39 GF | 1203 +61 LC +73 SC | 1670 +84 LC +101 SC (+20%റോഡ്) | 467 +23 +28 | |
| 3 | 9/450B | 15.44 GF | 556 +28 LC +34 SC | 772 +39 LC +47 SC (+20%റോഡ്) | 216 +11 +13 | |
| 4 | 9/450C | 47.08 GF | 1695 +85 LC +102 SC | 2825 +142 LC +170 SC (+20%റോഡ് - 5% FF) | 1130 +57 +68 | നം.എ2-5151/15 തീ.3.6.15 പ്രകാരം പെർമിറ്റ് നൽകിയത് 439.12m2 നാണ് (റഗുലറൈസ് ചെയ്ത 26.3m2 ഉൾപ്പെടെ). നികുതി നിർണ്ണയ ഫയൽ പ്രകാരം പോർച്ചുകൾക്കും മറ്റുമുള്ള 70m2നടുത്ത് അളവ് കുറവ് ചെയ്ത് 267.14m2 (ഓഫീസ് ആവശ്യത്തിനു നികുതി നിശ്ചയിച്ച 48.83m2 ഉൾപ്പെടെ) നാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. |
| 5 | 9/450D | 47.08 FF | 1611 +81 LC +97 SC | 2684 +135 LC +161 SC (+20%റോഡ് - 5% FF) | 1073 +54 +64 | |
| 6 | 9/450E | 43.14 FF | 1477 +74 LC +89 SC | 2459 +123 LC +148 SC (+20%റോഡ് - 5% FF) | 982 +49 +59 | |
| 7 | 9/450G | 32.18 FF | 1102 +56 LC +67 SC | 1835 +92 LC +111 SC (+20%റോഡ് - 5% FF) | 733 +36 +44 | |

| | | | | | | |
|---|---|---|---|---|---|---|
| 8 | 7/326A | 14.56 Cellar | 481 +25 LC +29 SC | 801 +41 LC +49 SC (-10% മേഖല +20%റോഡ്) | 320 +16 +20 | നം.എ2-4511/14 തീ. 16.12.14 പ്രകാരം പെർമിറ്റ് നൽകി. 15-16 ൽ പണി പൂർത്തിയായ 72.81m2 സെല്ലാർ ഫ്ലോർ ആദ്യവും, തുടർന്ന് പൂർത്തീകരിച്ച 101.22m2 അതിന് ശേഷവും അസസ് ചെയ്തു. |
| 9 | 7/326B | 14.52 Cellar | 480 +24 LC +29 SC | 801 +41 LC +49 SC (-10% മേഖല +20%റോഡ്) | 321 +17 +20 | |
| 10 | 7/326C | 14.52 Cellar | 480 +24 LC +29 SC | 801 +41 LC +49 SC (-10% മേഖല +20%റോഡ്) | 321 +17 +20 | |
| 11 | 7/326D | 14.52 Cellar | 480 +24 LC +29 SC | 801 +41 LC +49 SC (-10% മേഖല +20%റോഡ്) | 321 +17 +20 | |
| 12 | 7/326E | 14.52 Cellar | 480 +24 LC +29 SC | 801 +41 LC +49 SC (-10% മേഖല +20%റോഡ്) | 321 +17 +20 | |
| 13 | 7/326F | 23.055 GF | 761 +39 LC +46 SC | 1269 +64 LC +77 SC (-10% മേഖല +20%റോഡ്) | 508 +25 +31 | |
| 14 | 7/326G | 23.055 GF | 761 +39 LC +46 SC | 1269 +64 LC +77 SC (-10% മേഖല +20%റോഡ്) | 508 +25 +31 | |
| 15 | 7/326H | 23.055 GF | 761 +39 LC +46 SC | 1269 +64 LC +77 SC (-10% മേഖല +20%റോഡ്) | 508 +25 +31 | |
| 16 | 7/326I | 32.055 GF | 1058 +53 LC+ 64 SC | 1764 +89 LC +106 SC (-10% മേഖല +20%റോഡ്) | 706 +36 +42 | |
| 17 | 7/452 | 79.75 | 2632 +132 LC+ | 4387 +220 LC | 1755 | അസസ് മെന്റ് ഫയൽ |

| | | | | | | |
|---|---|---|---|---|---|---|
| | (321) | | 158 SC | +264 SC (-10% മേഖല +20%റോഡ്) | +88 +106 | പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 18 | 7/453 (321) | 20 | 660 +33 LC+ 40 SC | 1100 +55 LC +66 SC (-10% മേഖല +20%റോഡ്) | 440 +22 +26 | |

ടി കെട്ടിടങ്ങളുടെ അളവുകൾ വീണ്ടും എടുത്ത് നികുതി പുനർനിർണ്ണയിച്ച് കുറവായ തുക കെട്ടിട ഉടമയിൽ നിന്ന് ഈടാക്കി വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് 2013-14 മുതൽ നികുതി നിർണ്ണയിച്ച സമാനമായ വാണിജ്യകെട്ടിടങ്ങളുടെയും, കൂട്ടിച്ചേർക്കൽ മൂലം 100 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമായ വാണിജ്യകെട്ടിടങ്ങളുടെയും നികുതി മേൽ സൂചിപ്പിച്ച പ്രകാരം നിർണ്ണയിച്ചിട്ടില്ലെങ്കിൽ അത്തരം കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## (2-5) മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തേയും നികുതി ചുമത്തുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ (അ)19/2011 /തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. ബാറ്ററി മുറി, അനുബന്ധമുറി എന്നിവ മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം)നികുതി ചുമത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.4/5.12.16) മറുപടിയായി താഴെ ചേർത്തിരിക്കുന്നതുപോലെ പഞ്ചായത്തിൽ 6 മൊബൈൽ ടവറുകൾ ഉള്ളതായി അറിയിച്ചു.

| ക്രമ.നം. | കെട്ടിട നം. | ഓപ്പറേറ്ററുടെ പേര് വിവരം | വിസ്തീർണ്ണം | നിശ്ചയിച്ച നികുതി |
|---|---|---|---|---|
| 1. | 2/43 | വോഡാഫോൺ | 8ച.മീ. | 4800+240+288=5328 |
| 2. | 6/239 | വോഡാഫോൺ | 25ച.മീ. | 12500+625+750=13875 |
| 3. | 7/306 | ഇൻഡസ് ടവേഴ്സ് | 12ച.മീ. | 6600+330+396=7326 |
| 4. | 9/301 | വോഡാഫോൺ എസ്സാർ | 12ച.മീ. | 660+330+396=7326 |
| 5. | 9/395 | ബി.എസ്.എൻ.എൽ. | 40ച.മീ. | 16000+800+960=17760 |
| 6. | 12/330 | വോഡാഫോൺ എസ്സാർ | 40ച.മീ. | 14000+700+840=15540 |

ഇതിൽ നിന്നും എല്ലാ മൊബൈൽ ടവറുകളും അവയുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിന്റെ അളവിനും നികുതി ചുമത്തപ്പെട്ടവയല്ല എന്ന് വ്യക്തമാണ്. ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിന്റെ അളവിനും നികുതി ചുമത്തേണ്ടതാണ്. കുറഞ്ഞ സ്ഥലം നികുതി ചുമത്തിയതായി രേഖപ്പെടുത്തിയവ കെട്ടിടങ്ങൾക്ക് മുകളിലുള്ളവയാണെങ്കിലും ടവർ ഓപ്പറേറ്റർമാർ ലീസിനെടുത്തിട്ടുള്ള മുഴുവൻ ഭാഗത്തിന്റെയും വിസ്തീർണ്ണത്തിനും നികുതി ചുമത്തേണ്ടതാണ്. ആയതിനാൽ മേൽ സൂചിപ്പിച്ചതിൽ ക്രമ നം. 3 മുതൽ 6 വരെയുള്ളവയുടെ വിസ്തീർണ്ണം കൃത്യമായി കണക്കാക്കി നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## (2-6) പെട്രോൾ പമ്പിന് പെർമിറ്റ് ഫീസും വസ്തു നികുതിയും കുറവായി ഈടാക്കിയത് സംബന്ധിച്ച്

പെർമിറ്റ് നം. 955/16 തീ.16.3.16 പ്രകാരം അനുമതി ലഭിച്ച് നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പർ (9/436A) അനുവദിച്ച ഇൻഡ്യൻ ഓയിൽ റീട്ടെയിൽ ഔട്ട് ലെറ്റിന് പെർമിറ്റ് ഫീസ് ഈടാക്കിയതിലും, വസ്തുനികുതി ചുമത്തിയതിലും കുറവ് വന്നു.

പെർമിറ്റിനുള്ള അപേക്ഷ പ്രകാരം :- പ്ലോട്ട് വിസ്തീർണ്ണം - 1880 ച.മീ.

പമ്പ് നിൽക്കുന്ന ഏരിയ - 630ച.മീ.

കനോപ്പി ഏരിയ (138) + ഓഫീസ് ഏരിയ (16) - 154ച.മീ.

ഇതിൽ പെർമിറ്റ് ഫീസ് അടച്ചത് 154ച.മീ.ക്ക് മാത്രമാണ്. വസ്തുനികുതി ചുമത്തിയത് 16ച.മീ. ഓഫീസ് ഏരിയയ്ക്ക് മാത്രവും. പമ്പിനുള്ള ഇന്ധനടാങ്കും അനുബന്ധസൗകര്യങ്ങളും (വാഹനങ്ങൾ പ്രവേശിക്കുന്നതും പുറത്തേക്ക് പോകുന്നതുമായ വഴികൾ ഉൾപ്പെടെ) ഉള്ളത് മേൽക്കൂരയുള്ള കനോപ്പി ഏരിയയ്ക്കും ഓഫീസ് ഏരിയയ്ക്കും വെളിയിലാണ്. ആയതിനാൽ പമ്പ് നിൽക്കുന്ന ഏരിയയ്ക്കുള്ള, പെർമിറ്റ് ഫീസ് കണക്കാക്കി കുറവ് വന്ന തുക ഈടാക്കുന്നതിനും, ടി ഏരിയയ്ക്ക് പൂർണ്ണമായും വസ്തുനികുതി ചുമത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## (2-7) തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ച് എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-8) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത്

പഞ്ചായത്തിലെ എല്ലാ സ്ഥാപനമേധാവികളും ജീവനക്കാരുടെ അർദ്ധ വാർഷികവരുമാനപത്രിക ലഭ്യമാക്കുകയോ നികുതി ഈടാക്കി അടയ്ക്കുകയോ ചെയ്യുന്നില്ല.

| സ്ഥാപനം | കാലയളവ് |
|---|---|
| മുത്തൂറ്റ് ഫിൻകോർപ്പ്, വൃന്ദാവനം | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ജോയ്സൺ എന്റർപ്രൈസസ്, ചാലാപ്പള്ളി | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ജെ.ജെ,എഞ്ചിനീയറിംഗ് വർക്ക്സ്, കണ്ടൻപേരൂർ | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| അന്നപൂർണ്ണ വുഡ് വർക്ക്സ് | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ജെ.വി.റഫ്രിജറേഷൻ | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| കണ്ടത്തിൽ ട്രേഡിംഗ് ഏജൻസീസ് | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | |
|---|---|
| ക്വാളിറ്റി ഐസ് പ്ലാന്റ് | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ന്യൂ എഞ്ചിനീയറിംഗ് വർക്ക്സ് | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| കാവുങ്കൽ എഞ്ചിനീയറിംഗ് വർക്ക്സ് | 2015-16 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഈ സ്ഥാപനങ്ങളിലെ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 2014-15 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ 2014-15 വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഈടാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## (2-9) എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ എണ്ണം അപേക്ഷകളിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പാക്കുന്നില്ല. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികളും സ്വീകരിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ലൈസ. രജി. ക്രമ നം. | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 5 | 7/ 432 | ഓർഗാനിക് ഫെർട്ടിലൈസർ നിർമ്മാണം, സംഭരണം, വിൽപ്പന.<br>ഷാബു എ. വർഗീസ് | 1 |
| 6 | 7/ 431 | കെമിക്കൽ ഫെർട്ടിലൈസർ നിർമ്മാണം, സംഭരണം, വിൽപ്പന.<br>ഷാബു എ. വർഗീസ് | 1 |
| 15 | 2/ 252 | ഹോളോ ബ്രിക്സ് നിർമ്മാണം, വിൽപ്പന. പുഷ്പലത | 3 |
| 11 | 1/ 449 | ഫർണീച്ചർ വ്യാപാരം.<br>രാജൻ പിള്ള എൻ. | 1 |
| 22 | 6/ 29D | റബ്ബർ വ്യാപാരം.<br>പി.വി. ശമുവേൽ | 1 |
| 23 | 11/ 267 | റബ്ബർ വ്യാപാരം.<br>സിന്ധു ഇ.എസ്. | 1 |
| 27 | 11/ 309 | ഇലക്ട്രിക്കൽസ്, പ്ലംബിംഗ്. | - |

| | | | |
|---|---|---|---|
| | | സന്തോഷ് കുമാർ ജി. | |
| 28 | 2/ 215 | ഹാർഡ് വെയർ, സാനിട്ടറി വ്യാപാരം. ജോർജ്ജ് സ്കറിയ, | - |
| 37 | 9/ 449 | ഹാർഡ് വെയർ വ്യാപാരം.<br>റജി പി. ഈശോ | - |
| 41 | 8/ 374 | ഐസ് നിർമ്മാണം വിൽപ്പന.<br>ബിന്ദു ഏബ്രഹാം | 1 |
| 48 | 13/ 459 | ലൈവ് സ്റ്റോക്ക് ഫാം.<br>ജോർജ്ജ് തോമസ് | - |
| 55 | 8/ 419 | റബ്ബർ വ്യാപാരം.<br>ടി.സി. ശശിധരൻ നായർ | - |
| 61 | 8/ 443 | ഹാർഡ് വെയർ, സിമെന്റ്, സാനിട്ടറി വ്യാപാരം. കുര്യൻ കെ. ജോസഫ് | - |
| 63 | 12/ 354H | ഹാർഡ് വെയർ, ഇലക്ട്രിക്കൽ, സാനിട്ടറി വ്യാപാരം. തങ്കപ്പൻ എ.ജി. | - |
| 66 | 7/ 408 | റബ്ബർ വ്യാപാരം.<br>കൊച്ചുകൃഷ്ണൻ നായർ | - |
| 75 | 5/ 168 | ഹാർഡ് വെയർ വ്യാപാരം.<br>തോമസ് ജോൺ | - |
| | | ഡ്രൈവിംഗ് സ്കൂൾ (പഞ്ചായത്ത് കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്നത്) | |

ഓഡിറ്റ് എൻക്വയറിക്ക് (നം.15/14.12.16) മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിത ലിസ്റ്റിൽ നിന്നും ടി സ്ഥാപനങ്ങളുടെ പ്രാധാന്യമനുസരിച്ച് അപേക്ഷയിൽ ചേർത്തിരിക്കുന്ന ജീവനക്കാരുടെ എണ്ണം താരതമ്യേന കുറവാണ് എന്ന് വ്യക്തമാണ്. ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് നിയമത്തിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ കൃത്യമായ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും

ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## (2-10) സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് അവയ്ക്ക് നേരെ ചേർത്തിരിക്കുന്ന അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് വിവരം |
|---|---|
| 1 | ആദിത്യ ഫിനാൻസ്, വെട്ടുവേലിൽ ബിൽഡിംഗ്, കൊറ്റനാട്, പെരുമ്പെട്ടി |
| 2 | ധനശ്രീ ഫിനാൻസിയേഴ്സ്, പുളിക്കല്ലുംപുറത്ത് ബിൽഡിംഗ്, കൊറ്റനാട്, ചാലാപ്പള്ളി |
| 3 | കൂടത്തിനാൽ ഫിനാൻസ്, തടിയിൽ ബിൽഡിംഗ്, കൊറ്റനാട്, വൃന്ദാവനം |
| 4 | എം. രാജ് ഫിനാൻസ്, ഇടമുറിയിൽ ബിൽഡിംഗ്, കൊറ്റനാട്, പെരുമ്പെട്ടി |
| 5 | പാലയ്ക്കാമണ്ണിൽ ബാങ്കേഴ്സ്, പാലയ്ക്കാമണ്ണിൽ ബിൽഡിംഗ്, കൊറ്റനാട്, തീയാടിക്കൽ |
| 6 | ഡ്രൈവിംഗ് സ്കൂൾ (പഞ്ചായത്ത് കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്നത്) |

(ക്രമ. നം. 5 വരെയുള്ള സ്ഥാപനങ്ങളുടെ വിവരം www.keralataxes.gov.in/kmldealers, www.keralataxes.gov.in/ KML_DEALER_LIST എന്നീ വെബ്സൈറ്റുകളിൽ നിന്നുള്ള പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിന്റെ വിവരങ്ങളിൽ നിന്ന് ലഭിച്ചതാണ്)

ഓഡിറ്റ് എൻക്വയറിക്ക് (നം.13/14.12.16) മറുപടിയായി മേൽ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-11) ഡി&ഒ ലൈസൻസ് - എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല, ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം എല്ലാ സ്ഥാപനങ്ങളും എല്ലാ വർഷവും ലൈസൻസ് എടുക്കുന്നില്ല. വിവിധ വർഷങ്ങളിൽ ലൈസൻസ് എടുക്കുന്നവരുടെ എണ്ണം വ്യത്യസ്തമാണ്. 11-12ൽ 108, 12-13ൽ 137, 13-14ൽ 128, 14-15ൽ 102, 15-16ൽ 116.

തൻ വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ എല്ലാം ചട്ടപ്രകാരമുള്ള സമയത്തിനു ശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങൾ 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ എല്ലാ സ്ഥാപനങ്ങളും തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## (2-12) കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത്

പഞ്ചായത്തിലെ പല വൻകിട സ്ഥാപനങ്ങളുടെയും ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. കൂടാതെ ചില സ്ഥാപനങ്ങൾ വിറ്റുവരവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യാപാരങ്ങളുടെ പ്രധാന്യത്തിൽ നിന്നും അനുബന്ധരേഖകളിൽ നിന്നും വ്യക്തമാണ്. ഒരു ദിവസത്തെ വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഇവരിൽ നിന്ന് ഈടാക്കിയ തൊഴിൽ നികുതിക്ക് ആനുപാതികമായ ലൈസൻസ് ഫീസ് പോലും ഈടാക്കിയിട്ടില്ലെന്നുള്ളത് വ്യക്തമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസ. | കെട്ടിട | സ്ഥാപനത്തിന്റെ | രേഖപ്പെടുത്തിയ | ഉപയോഗിക്കുന്ന | ഈടാക്കിയ | ഈടാക്കിയ |
|---|---|---|---|---|---|---|

| രജി. ക്രമ നം. | നം | വിവരം | വരുമാനം | യന്ത്രത്തിന്റെ കതിര ശക്തി | തൊഴിൽ നികുതി | ലൈസൻസ് ഫീസ് |
|---|---|---|---|---|---|---|
| 5 | 7/ 432 | ഓർഗാനിക് ഫെർട്ടിലൈസർ നിർമ്മാണം, സംഭരണം, വിൽപ്പന. ഷാബു എ. വർഗീസ് | - | - | 600 | 100 |
| 6 | 7/ 431 | കെമിക്കൽ ഫെർട്ടിലൈസർ നിർമ്മാണം, സംഭരണം, വിൽപ്പന. ഷാബു എ. വർഗീസ് | - | - | 1200 | 300 |
| 15 | 2/ 252 | ഹോളോ ബ്രിക്സ് നിർമ്മാണം, വിൽപ്പന. പുഷ്പലത | | 9HP | 1200 | 300 |
| 11 | 1/ 449 | ഫർണീച്ചർ വ്യാപാരം. രാജൻ പിള്ള എൻ. | - | - | - | - |
| 23 | 11/ 267 | റബ്ബർ വ്യാപാരം. സിന്ധു ഇ.എസ്. | 2000 | 4 | 600 | 200 |
| 27 | 11/ 309 | ഇലക്ട്രിക്കൽസ്, പ്ലംബിംഗ്. സന്തോഷ് കുമാർ ജി. | 1000 | - | 600 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 28 | 2/ 215 | ഹാർഡ് വെയർ, സാനിട്ടറി വ്യാപാരം. ജോർജ്ജ് സ്കറിയ, | 1000 | - | 600 | 200 |
| 37 | 9/ 449 | ഹാർഡ് വെയർ വ്യാപാരം. റജി പി. ഈശോ | - | - | 360 | 100 |
| 41 | 8/ 374 | ഐസ് നിർമ്മാണം വിൽപ്പന. ബിന്ദു ഏബ്രഹാം | 500 | 5 | 1200 | 300 |
| 48 | 13/ 459 | ലൈവ് സ്റ്റോക്ക് ഫാം. ജോർജ്ജ് തോമസ് | - | - | 1200 | 500 |
| 55 | 8/ 419 | റബ്ബർ വ്യാപാരം. ടി.സി. ശശിധരൻ നായർ | 300 | - | 600 | 100 |
| 61 | 8/ 443 | ഹാർഡ് വെയർ, സിമെന്റ്, സാനിട്ടറി വ്യാപാരം. കുര്യൻ കെ. ജോസഫ് | - | - | 360 | 100 |
| 63 | 12/ 354H | ഹാർഡ് വെയർ, ഇലക്ട്രിക്കൽ, സാനിട്ടറി വ്യാപാരം. തങ്കപ്പൻ എ.ജി. | - | - | 600 | 100 |
| 66 | 7/ 408 | റബ്ബർ വ്യാപാരം. | 3000 | - | 600 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | | കൊച്ചുകൃഷ്ണൻ നായർ | | | | |
| 75 | 5/ 168 | ഹാർഡ് വെയർ വ്യാപാരം. തോമസ് ജോൺ | 800 | - | 900 | 300 |

കൂടാതെ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃകമ്മറ്റികൾ സിമെന്റ് വാങ്ങിയ സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു

1. അഴകത്തുമണ്ണിൽ ഏജൻസീസ്, പെരുമ്പെട്ടി.

2. കുറുന്തോട്ടിക്കൽ ഏജൻസീസ്, പെരുമ്പെട്ടി.

3. സെന്റ് മേരീസ് ഏജൻസീസ്, എസ്.എൻ.ഡി.പി. ജംഗ്ഷൻ, വൃന്ദാവനം.

4. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഗോറ മിക്സിംഗ് പ്ലാന്റ് എന്ന സ്ഥാപനം

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/14.12.16) മറുപടിയായി സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ കൃത്യത സംബന്ധിച്ച പരിശോധന നടത്തി ലൈസൻസ് ഫീസ് നിർണ്ണയിച്ച് ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 ൽ ഏതൊരു ലൈസൻസിനും II ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക II ൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് പറഞ്ഞിട്ടുണ്ട്. ഇതു പ്രകാരം ഒരു വർഷം 4000 രൂപ വരെ ഇവരിൽ നിന്നും ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ പൂർണമായ വിവരങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താത്തതിനാലാണ് വരുമാന നഷ്ടം ഉണ്ടാകുന്നത്. ലൈസൻസ് അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ലൈസൻസ് ഫീസിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ട സെക്ഷനും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## **(2-13)** <u>പരസ്യ നികുതി പിരിക്കുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് കമ്മറ്റി അംഗീകാരം (27/05/15ലെ 6-ാം നമ്പർ തീരുമാനം) നൽകിയിട്ടുണ്ട്. ആയതിന് അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്ക മുതൽ കൂട്ടുന്നതിനു നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന വിവിധ റോഡുകളുടെ വശങ്ങളിലും വിവിധ ജംഗ്ഷനുകളിലും ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ, ഫുട്പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

## **(2-14)** <u>നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല</u>

വെറ്റിനറി സർജന്റെ നേതൃത്വത്തിൽ നായ്ക്കൾക്ക് രണ്ടു തവണ പ്രതിരോധകുത്തിവയ്പ് ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. 210 നായ്ക്കൾക്ക്

പ്രതിരോധകുത്തിവയ്പ്പ് എടുത്തതായി വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്. എന്നാൽ അക്കൗണ്ട്സ് പ്രകാരം നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് ഇനത്തിൽ 30/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന് 2015-16 ൽ ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വളർത്തുന്ന എല്ലാ നായ്ക്കൾക്കും ലൈസൻസ് എടുക്കാനുള്ള നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ്. നായ ലൈസൻസ് എടുക്കാത്തവർക്കെതിരെ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-15) വാടക- സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പുതുക്കിനിശ്ചയിച്ച് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വൃന്ദാവനം വനിതാ വ്യവസായ കേന്ദ്രത്തിലെ മൂന്ന് മുറികൾ വാടകയ്ക്ക് എടുത്ത് റ്റി.എം.പ്രസന്നകുമാരി, തുളസീവനം, കൊറ്റനാട് എന്ന വ്യക്തി വർഷങ്ങളായി ഡ്രൈവിംഗ് സ്കൂൾ നടത്തുന്നുണ്ട്. ടി വ്യക്തി സ്ഥാപനം തുടങ്ങിയ സമയത്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കിയതാണ്. വർഷാവർഷം കടമുറികളുടെ വാടക പുനർനിർണ്ണയിക്കുമ്പോൾ അതിനനുസൃതമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പുതുക്കിനിശ്ചയിച്ച് ഈടാക്കുന്നില്ല. ആ സ്ഥാപനം ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി ഒടുക്കുകയും ചെയ്യുന്നില്ല. ഈ സ്ഥാപനത്തിൽ നിന്നും തൊഴിൽനികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്. ലൈസൻസ് പുതുക്കാത്തതിനെ സംബന്ധിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) വാകമരം മറിഞ്ഞുവീണത് മുറിച്ചു മാറ്റിയതിന് ക്രയിൻ ചാർജിനത്തിൽ തുക കൂടുതലായി ചെലവഴിച്ചു

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുൻവശത്ത് നിന്ന വാകമരം 08/05/2015 ൽ മറിഞ്ഞുവീണത് എടുത്തുമാറ്റിയ വകയിൽ ക്രയിൻ ചാർജായി സുലൈമാൻ, എ.ആർ.എസ്.ക്രയിൻ സർവീസ്സ്, മണിമല എന്ന വ്യക്തിക്ക് 9000/- രൂപ നൽകിയിട്ടുണ്ട്.(ചെക്ക് നം.9910 തീയതി. 12/05/2015). എന്നാൽ 12/05/2015 ൽ ടി ഓഫീസിലെ സീനിയർ ക്ലർക്ക് നൽകിയിരിക്കുന്ന സമർപ്പണത്തിൽ 8000/-രൂപയ്ക്ക് ക്രയിൻ പ്രവർത്തിപ്പിക്കാൻ സമ്മതിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 9000/- രൂപയുടെ വൗച്ചർ പാസ്സാക്കിയതു വഴി 1000/-രൂപ കൂടുതലായി ചെലവഴിച്ചിരിക്കുന്നു. ചെലവഴിച്ച തുകയുടെ കൈപ്പറ്റ് രസീതിൽ 8000/- രൂപ കൈപ്പറ്റിയതായി ചേർത്തിട്ടുണ്ട്. എന്നാൽ കൈപ്പറ്റിയ വ്യക്തിയുടെ പേരുവിവരം, ഒപ്പ് എന്നിവ ചേർത്തിട്ടില്ല. ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18)മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീത് വ്യാജവും കെട്ടിച്ചമച്ചതുമാണ്. ഇത് ഇന്ത്യൻ ശിക്ഷാനിയമം 415 പ്രകാരം ക്രിമിനൽ കുറ്റമാണ്. അധികം ചെലവ് ചെയ്ത 1000/-രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. പ്രസ്തുത കാരണങ്ങളാൽ ചെലവഴിച്ച ബാക്കി തുക 8000/- രൂപ തടസ്സപ്പെടുത്തുന്നു.

## (3-2) എസ്.എസ്.എ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല (എച്ച്.എം., ജി.എൽ.പി.എസ്)

ഗ്രാമപ്പഞ്ചായത്തിലെ എൽ.പി., യു.പി സ്കൂളുകളുടെ സമഗ്രവികസനത്തിനായി എസ്.എസ്.എ.യ്ക്ക് നൽകിയ 200000 രൂപ (പ്രൊ.നം.13/16,-ഡി.ഡി നമ്പർ-384076തീയതി-16.10.2015)യുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായില്ല. ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്.എസ്.എ യോട് ആവശ്യപ്പെടേണ്ടതാണ്. പഞ്ചായത്തിലുള്ള സ്കൂളുകളിൽത്തന്നെ ആ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന വിവരം വിനിയോഗ രേഖകളുടെ അഭാവത്താൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. നൽകിയ തുക ഗ്രാമപ്പഞ്ചായത്തിലെ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്ത പക്ഷം വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## (3-3) കാലിത്തൊഴുത്ത് നിർമ്മാണം-ഇനം തിരിച്ച് മൂല്യനിർണ്ണയം നടത്തിയില്ല.

